**File No.TCPCTP/2975/2019-D3**

<u>മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം</u>
<u>തിരുവനന്തപുരം</u>

വിഷയം:- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം -കണ്ണൂർ ജില്ല കോട്ടയം ഗ്രാമപഞ്ചായത്ത് - കോട്ടയം വില്ലേജ് പെട്രോളിയം ഔട്ട് ലെറ്റ് നിർമ്മാണം - ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. കോട്ടയം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24/10/2019 ലെ B1/3377/19 നമ്പർ കത്ത്.

2. കണ്ണൂർ ടൗൺ പ്ലാനറുടെ 22/11/2019 ലെ TCPKNR/2199/19 നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/2975/2019-D3 തീയതി:**21/12/2019**

---

കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കോട്ടയം വില്ലേജിൽ റീ സർവ്വേ നമ്പർ 50/101 - ൽ (Old Sy No.65/5, 50/3) ഉൾപ്പെടുന്ന 1225 ച.മീ. സ്ഥലത്ത് 357 sq.m (Sales building-32 + Canopy-325) തറവിസ്തീർണം ഉള്ള Grop -I Hazardous Occupancy - ൽ പ്പെട്ട പെട്രോളിയം റീട്ടെയിൽ ഔട്ട്ലെറ്റ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീമതി.റീന എം.പി., രാജശ്രീ നിലയം, തളിപ്പറമ്പ് -ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ .പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. താഴെപറയുന്ന നിബന്ധനകൾ പൂർണ്ണമായും , പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഒക്കുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.എം.ബി.ആർ.1999-ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.പി.ബി.ആർ 2011-നും അനുബന്ധഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/ നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം അനുബന്ധ സർക്കാർ സർക്കുലറുകൾ 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ

ബാധകമാകുന്നപക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം

7. കെ.പി.ബി.ആർ. 2011 ചട്ടം 101 പ്രകാരമുള്ള ഭൂഗർഭ ജല പോഷണ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.
8. കെ.പി.ബി.ആർ. - 2011 ലെ ചട്ടം 61(10) പാലിച്ചിട്ടുണ്ടെന്ന് നിർമ്മാണത്തിനു അനുമതി നൽകുന്നതിനു മുൻപ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 161/2019 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

ജയശ്രീ പി. ആർ.
ടൗൺ പ്ലാനർ

സെക്രട്ടറി,
കോട്ടയം ഗ്രാമപഞ്ചായത്ത്, കണ്ണൂർ -670691
പകർപ്പ്:-

1. ശ്രീമതി.റീന.എം.പി., രാജശ്രീ നിലയം, കൊട്ടില (പി.ഒ), തളിപ്പറമ്പ്, കണ്ണൂർ -670334
2. ടൗൺ പ്ലാനർ, കണ്ണൂർ
3. വെബ് സൈറ്റ്
4. കരുതൽ ഫയൽ
5. അധികം